പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T. 5026 | 30-06-14 – ൽ മറുപടിയ്ക്ക്

**തണൽ പദ്ധതി**

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ.സി.ദിവാകരൻ:<br>ശ്രീ.പി.തിലോത്തമൻ:<br>ശ്രീ.കെ.അജിത്:<br>ശ്രീ.ജി.എസ്.ജയലാൽ: | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | തണൽ പദ്ധതി ആരംഭിച്ചതെന്നാണ്; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | ഫിഷറീസ് വകുപ്പ്, തൊഴിൽ വകുപ്പിൽ നിന്നുള്ള സാമ്പത്തിക സഹായത്താൽ മത്സ്യത്തൊഴിലാളികൾക്ക് തൊഴിലിൽ നിന്നുള്ള വരുമാനം കുറയുന്ന അവസരങ്ങളിൽ ഒരധിക സാമ്പത്തിക സഹായം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് തണൽ പദ്ധതി. ഈ പദ്ധതി ആരംഭിച്ചത് 2011-12 സാമ്പത്തിക വർഷത്തിലാണ്. എന്നാൽ 2011-12-ൽ തൊഴിൽ വകുപ്പിൽ നിന്ന് മതിയായ തുക ആദ്യഘട്ടത്തിൽ ലഭിക്കാതിരുന്നതിനാൽ 2012-13 സാമ്പത്തിക വർഷത്തിലാണ് പദ്ധതി ശരിയായ രീതിയിൽ ആരംഭിക്കാൻ കഴിഞ്ഞത്. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം ഓരോ മത്സ്യത്തൊഴിലാളിക്കും എത്ര രൂപ വീതം ലഭിക്കും ; പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള ചുമതല ആർക്കാണ്; പ്രസ്തുത പദ്ധതിക്കായി എത്ര തുക അനുവദിച്ചു; | (ബി) | തണൽപദ്ധതി പ്രകാരം ഓരോ മത്സ്യ/അനുബന്ധ തൊഴിലാളികൾക്കും 1350/-രൂപ വീതം ലഭിക്കുന്നതാണ്. പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനെയാണ്. തൊഴിൽ വകുപ്പിൽ നിന്നും ഫിഷറീസ് വകുപ്പിന്റെ ഈ പദ്ധതിക്കുവേണ്ടി നാളിതുവരെ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു. |

| സാമ്പത്തിക വർഷം | അനുവദിച്ച തുക (കോടി) | ലഭിച്ച തുക (കോടി) |
|---|---|---|
| 2011-12 | 1.706 | 1.706 |
| 2012-13 | 30 | 30 |
| 2013-14 | 30 | 30 |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് എത്ര മത്സ്യ ഗ്രാമങ്ങളുണ്ട്; ഓരോ മത്സ്യഗ്രാമത്തിലും ഇതിനായുള്ള അപേക്ഷകൾ തീർപ്പാകാതെ കിടപ്പുണ്ടോയെന്ന് വ്യക്തമാക്കുമോ ; | സി) | സംസ്ഥാനമൊട്ടാകെ 222 തീരദേശ മത്സ്യ ഗ്രാമങ്ങളും 13 ഉൾനാടൻ മത്സ്യ ഗ്രാമങ്ങളും ഉൾപ്പെടെ 235 മത്സ്യഗ്രാമങ്ങളുണ്ട്. തണൽ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളും, അനുബന്ധ തൊഴിലാളികളും മത്സ്യത്തൊഴിലാളി തിരിച്ചറിയൽ കാർഡിന് വിവരങ്ങൾ നൽകിയ എല്ലാവരും ടി പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാണ്. മത്സ്യ ത്തൊഴിലാളി ഗ്രാമങ്ങളിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പു കൽപിക്കാതെയായി കിടക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല. അപ്രകാരമുള്ള വിവരങ്ങൾ ലഭ്യമാകുന്ന പക്ഷം ആയത് താമസംവിനാ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | ആകെ എത്ര മത്സ്യത്തൊഴിലാളികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഇതുവരെ ലഭിച്ചിട്ടില്ലെന്ന് വിശദമാക്കുമോ? | ഡി) | തണൽപദ്ധതി ധനസഹായം പൂർണമായും ഫലപ്രദമായും ഗുണഭോക്താക്കളിലെത്തിക്കുന്നതിനായി ബാങ്ക് അക്കൗണ്ട് മുഖേനയാണ് തുക വിതരണം നടത്തിവരുന്നത്. എന്നാൽ തെറ്റായി സമർപ്പിക്കപ്പെട്ട അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.കോഡ്, നിഷ്ക്രിയ അക്കൗണ്ട് നമ്പറുകൾ, പേരിലുള്ള വ്യത്യാസങ്ങൾ, ബാങ്കിൽ നിലവിലുള്ള ബാധ്യതകൾ സംബന്ധിച്ച പ്രശ്നങ്ങൾ, എൻ.ആർ.ഐ. അക്കൗണ്ട് നമ്പറുകൾ ജോയിന്റ് അക്കൗണ്ടുകൾ എന്നിങ്ങനെ അപേക്ഷയിൽ ഉള്ള അപാകതകൾ കാരണം 5500 ഓളം അപേക്ഷകർക്ക് ധനസഹായത്തുക ലഭ്യമായിട്ടില്ല. ടി തകരാറുകൾ പരിഹരിച്ച് തുക വിതരണം ചെയ്യുന്നതിനായി ഊർജ്ജിത ശ്രമം നടത്തിവരുന്നു. |

Jayasree

സെക്ഷൻ ഓഫീസർ